File No.TCPCTP/3161/2019-C2

**ചീഫ് ടൗൺ പ്ലാനറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ് -ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം, തിരുവനന്തപുരം -സാങ്കേതിക വിഭാഗം-പാലക്കാട് ജില്ല- കാവശ്ശേരി ഗ്രാമപഞ്ചായത്ത് - കാവശ്ശേരി വില്ലേജ് പെട്രോൾ പമ്പ് - നിർമ്മാണം - ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കാവശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18-11-2019-ലെ 11761/2019, 12-02-2020-ലെ എ 4-716/2020 നമ്പർ കത്തുകൾ.
2. പാലക്കാട് ജില്ലാ ടൗൺ പ്ലാനറുടെ 11-12-2019-ലെ TCPPKD/1385/2019-C നമ്പർ കത്ത്.

==========================================================================

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

**ഉത്തരവ് നമ്പർ. TCPCTP/3161/2019-C2 തീയതി: 27/02/2020**

==========================================================================

പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കാവശ്ശേരി വില്ലേജിൽ റീസർവ്വെ നമ്പർ. 653/2, 653/3-എന്നിവയിൽ ഉൾപ്പെട്ട 0.3087 ഹെക്ടർ സ്ഥലത്ത് പമ്പിനായി മാറ്റിവെച്ചിട്ടുള്ള 0.1717 ഹെക്ടർ സ്ഥലത്തു ആകെ 251.80 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള (സെയിൽസ് ഓഫീസ് - 32 ചതുരശ്ര മീറ്റർ + കനോപ്പി ഏരിയ 192 ചതുരശ്ര മീറ്റർ+ ടോയിലറ്റ് - 27.80 ചതുരശ്ര മീറ്റർ) പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.ശിവദാസൻ & ശ്രീമതി.നളിനി ശിവദാസൻ, ആലത്തൂരിന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ.2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും , സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനങ്ങൾ:-**

1. വിഭാവനം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2011-നും തുടർന്നുള്ള ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. വിഭാവന നിർമ്മാണ സ്ഥലത്തിന്റെ അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, വിസ്തീർണ്ണം, റവന്യൂ വിശദാംശങ്ങൾ എന്നിവ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. സമീപ പരിസ്ഥിതിയ്ക്ക് ഹാനീകരമല്ലാത്ത രീതിയിൽ ഖര -ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങളും കേരള പഞ്ചായത്ത് കെട്ടിട നിയമം 2011 -ലെ റൂൾ 61 (16), 61 (17) എന്നിവ പ്രകാരമുള്ള സൗകര്യങ്ങളും മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതരുടെ അനുമതിക്കു വിധേയമായി സജ്ജീകരിക്കേണ്ടതാണ്.
4. ഫയർ ഫോഴ്സ് അധികൃതരുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.
5. വിഭാവന നിർമ്മാണ സ്ഥലം കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ ആക്ട് 2008 നും തുടർന്ന് 2018 ലെ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
6. നിയമാനുസൃത പാർക്കിംഗ് സംവിധാനം നിജപ്പെടുത്തി ക്രമപ്പെടുത്തേണ്ടതാണ്.
7. സാനിറ്റേഷൻ സൗകര്യങ്ങൾ നിയമാനുസൃതം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി

ഉറപ്പുവരുത്തേണ്ടതാണ്.

8. നിർമ്മാണ സമയത്ത് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ നൽകേണ്ടതാണ്.
9. ഈ നിർമ്മാണത്തിനാവശ്യമായ രേഖകളുടെ ആധികാരികത സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
10. നിർമ്മാണം 1976-ലെ പെട്രോളിയം റൂൾസിന് അനുസൃതമായിരിക്കണം.
11. മേൽ നിബന്ധനകൾ കൃത്യമായി പാലിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട അധികൃതരിൽ നിന്ന് അനുമതികൾ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തി മാത്രം നിർമ്മാണനുമതിയും ഒക്കുപ്പെൻസിയും നൽകേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ.47/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

**(ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം)**

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ.

**പി.ആർ.ജയശ്രീ.**
**ടൗൺ പ്ലാനർ**

**സെക്രട്ടറി**
കാവശ്ശേരി ഗ്രാമപഞ്ചായത്ത്, പാലക്കാട്-678543.

പകർപ്പ്:-1. ശ്രീ.ശിവദാസൻ & ശ്രീമതി.നളിനി ശിവദാസൻ, സിംഫണി, മൽമൽ കോളനി. നെല്ല്യംകുന്നം, ഇരട്ടക്കുളം, ആലത്തൂർ.പി.ഒ., പാലക്കാട്-678541.
2. ടൗൺ പ്ലാനർ, പാലക്കാട്.
3. വെബ് സൈറ്റ്. 4. കരുതൽ ഫയൽ. 5. അധികം.